**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3449** **11.12.2018 ലെ മറുപടിക്ക്**

**ഹരിതകേരളം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ സി.ദിവാകരൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ? | (എ) ഹരിതകേരള മിഷൻ ഉപ മിഷനായ സുജലം- സുഫലം പ്രകാരം സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തരിശുരഹിതമാതൃകാ ജൈവഗ്രാമ പദ്ധതി പ്രകാരം 13 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കുകയും 12,00,000 രൂപ ചെലവഴിക്കുകയും ചെയ്തു.<br>2. സമൃദ്ധി വല്ലം നിറ പദ്ധതി പ്രകാരം പച്ചക്കറികൃഷി, പൂക്കൃഷി എന്നിവ 100 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുകയും 1,00,500 രൂപ ചെലവഴിക്കുകയും ചെയ്തു.<br>3. സമൃദ്ധി അംഗനവാടി ജൈവഗ്രാമം തുടർപദ്ധതി പ്രകാരം 166 അംഗനവാടികളിലായി 3.3 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കുകയും 34,030 രൂപ ചെലവഴിക്കുകയും ചെയ്തു.<br>4. പൊതുസ്ഥലങ്ങളിൽ 2200 ഫലവൃക്ഷ തൈകൾ വച്ചുപിടിപ്പിക്കുകയും, ഇതിനായി 4,28,000 രൂപ ചെലവഴിക്കുകയും ചെയ്തു.<br>5. നെടുമങ്ങാട് ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ ഒരു ഇക്കോഷോപ്പ് സ്ഥാപിക്കുകയും ഇതിനായി 2,00,000 രൂപ അനുവദിക്കുകയും ചെയ്തു.<br>6. നെടുമങ്ങാട് ബ്ലോക്കിൽ ജൈവ പച്ചക്കറി കൃഷി 4 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി.<br>7. ആനാട് ഗ്രാമ പഞ്ചായത്തിൽ തരിശ് |

| | |
|---|---|
| | നിലത്തിൽ 1.7 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തുകയും ചെയ്തു.<br>8. മാണിക്കൽ കൃഷി ഭവൻ വഴി 4000 പച്ചക്കറി വിത്തു പാക്കറ്റുകൾ സ്കൂളുകൾക്കും, കർഷകർക്കായി 3750 പാക്കറ്റുകളും നൽകിയിട്ടുണ്ട്. കൂടാതെ 4000 പച്ചക്കറി തൈകൾ വിതരണം ചെയ്തിട്ടുണ്ട്. ജലസംരക്ഷണത്തിന്റെ ഭാഗമായി 156 കിണറുകൾ റീ ചാർജ്ജ് ചെയ്തു. ഹരിതഭവനം പദ്ധതിയിൽ 5 വീടുകൾക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തരിശുനിലം പദ്ധതിയിൽ 2 ഹെക്ടർ പച്ചക്കറി, വാഴ എന്നിവ കൃഷി ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി 5 ഹെക്ടർ തരിശുനിലം വാഴ, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br>ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ആനാട്, പനവൂർ പഞ്ചായത്തുകളുടെ അതിർത്തിയായ കരിഞ്ചാത്തിമൂലയിൽ നിന്നും ആരംഭിക്കുന്ന കിള്ളിയാർ നഗരത്തിലേക്ക് പ്രവേശിക്കുന്ന വഴയിലവരെയുള്ള 22 കി.മീ കിള്ളിയാർ മിഷൻ എന്ന പേരിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും എം.എൽ.എ മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ ജനകീയമായി ശുചീകരിച്ചു. പുഴയിലേക്ക് തുറന്നിരുന്ന മാലിന്യകുഴലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അടപ്പിച്ചു. കരകുളം പഞ്ചായത്തിൽ കളത്തറക്കാവ് സംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെ 'വെള്ളം വൃത്തി വിളവ്' എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനുള്ള പദ്ധതി ക്ലീൻ കരകുളം - ഗ്രീൻ കരകുളം എന്ന പദ്ധതി കരകുളം പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നു. |

(ഒപ്പ്)

ഡെപ്യൂട്ടി സെക്രട്ടറി